"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- കാസറഗോഡ് വികസന പാക്കേജ്-ചിറ്റാരിക്കൽ പിഎച്ച്സി ക്ക് കെട്ടിട നിർമ്മാണം - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.212/2026/P&EA    തിരുവനന്തപുരം, 20-05-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.66/2023/P&EA തീയതി 23.02.2023.

2. കാസറഗോഡ് ജില്ലാ കളക്ടറുടെ 02.07.2025 & 18.12.2025 തീയതികളിലെ DCKSGD/8320/2022-O2/KDP നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കാസറഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 'ചിറ്റാരിക്കൽ പി.എച്ച്.സിക്ക് കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം 345 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി ഉത്തരവിൽ പ്രവൃത്തി 31.08.2024ന് മുൻപ് പൂർത്തീകരിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു.

2. പരാമർശിത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതു പ്രകാരം മേൽ പ്രവൃത്തി നിശ്ചിത കാലയളവിനുള്ളിൽ തീർക്കാൻ സാധിച്ചില്ലെന്നും നിലവിൽ 50% പൂർത്തീകരിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.05.2026 വരെ ദീർഘിപ്പിച്ചു നൽകണമെന്നും ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 'ചിറ്റാരിക്കൽ പി.എച്ച്.സിക്ക് കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.05.2026 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

4. നിർമ്മാണ പ്രവൃത്തി നിശ്ചിത ദീർഘിപ്പിച്ച കാലാവധിയ്ക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടറും ബന്ധപ്പെട്ട വകുപ്പിന്റെ മേധാവിയും ചേർന്ന് നിരന്തരമായ മേൽനോട്ടവും പരിശോധനയും നടത്തേണ്ടതും ഇതിനു ശേഷം വീണ്ടും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതല്ലായെന്ന് പ്രത്യേകം നിർദ്ദേശിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജി ടി എസ്

അണ്ടർ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് വികസന പാക്കേജ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കാസറഗോഡ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം), കാസറഗോഡ്
പൊതുമരാമത്ത് വകുപ്പ്
വെബ് & ന്യൂ മീഡിയ (ഐ&പിആർഡി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Alen Alphonse**
**Date: 20-05-2026 10:20:55**
സെക്ഷൻ ഓഫീസർ